KP (i) Std 10

# Super Sucess SSLC A+ Master Unit Test

T-02

## Malayalam Paper II
(Type - A)
(Chap. 1, 2, 3)

Time : 45 Mnts
Score : 20

നിർദ്ദേശങ്ങൾ

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

**1 മുതൽ 3 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (2 x 1 = 2)**

1. 'പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു'
ഈ വരികൾ ഊന്നൽ നൽകുന്നതെന്ത്?
➤ മൃഗങ്ങൾക്ക് മനുഷ്യരെ വെറുപ്പാണ്
➤ പട്ടിയുടെ ഊറ്റവും കുരയും
➤ മൃഗങ്ങൾ മനുഷ്യരെ അടുപ്പിക്കാറില്ല
➤ മൃഗത്തിനുള്ള സ്നേഹം പോലും മനുഷ്യർക്കില്ല

2. ചുവടെ കൊടുത്തിരിക്കുന്ന പദത്ത വിഗ്രഹിച്ചെഴുതുക
➤ ചിറകടിയൊച്ച

3. 'നെല്ലു കൂലികിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത്?
കോരന്റെ എന്തു മനോഭാവമാണ് ഈ വാക്യത്തിലൂടെ വെളിപ്പെടുന്നത്?

**4 മുതൽ 6 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (2 x 2 = 4)**

4. 'അന്നത്തെ സൂചിപ്രയോഗത്തിൽ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്'
ഇവിടെ 'നീറ്റലായ്' കല്പിച്ചിരിക്കുന്നത് എന്തിനെ? വിശദമാക്കുക

5. കണ്ണുള്ളപ്പോൾ <u>കണ്ണിന്റെ</u> വിലയറിയില്ല
എല്ലാവരുടേം ഒരു <u>കണ്ണ്</u> ഇങ്ങോട്ടൊന്നുണ്ടാകണേ
'കണ്ണ്' എന്ന വാക്കിന് രണ്ടു സന്ദർഭങ്ങളിലും ഉണ്ടാകുന്ന അർത്ഥവ്യത്യാസം കണ്ടെത്തി എഴുതുക

6. 'അപ്പോൾ നമ്മുടെ വേരുകളോ?'
'അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ'
വേരുകൾ എന്ന പ്രയോഗത്തിന്റെ സൂചിതാർത്ഥം വ്യക്തമാക്കുക

**7 മുതൽ 9 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (2 x 4 = 8)**

7. '..............പക്ഷേ, കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ'
മങ്ങിപ്പഴകിയ പിഞ്ഞാണവും അമ്മയുടെ കണ്ണുകളും തമ്മിലുള്ള സാദൃശ്യകല്പനയുടെ ഔചിത്യം വ്യക്തമാക്കുക.

8. 'നല്ല വെള്ളോല്ല, നിലാവുല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?
അമ്മ തമാശയോടെ ചോദിച്ചു.
ഇതൊരു വെറും തമാശയാണോ? ഗ്രാമ നഗരജീവിതത്തോടുള്ള അമ്മയുടെ എന്തു മനോഭാവമാണ് ഈ വരികളിൽ തെളിയുന്നത്?

9. 'നെല്ലില്ല. പിശാശുക്കള്! നെല്ലു കൊണ്ടു ചെന്നു വല്ല പീടികയിലും പെട്ടവിലയ്ക്ക് വിൽക്കാനാണ്'
'അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദെവസം പത്തായി. കപ്പ് തന്നെ കപ്പ്'
തന്നിരിക്കുന്ന സന്ദർഭങ്ങളെ വിശകലനം ചെയ്ത് ആ കാലഘട്ടത്തിലെ സാമൂഹിക ജീവിതാവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുക.

**10, 11 ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഉത്തരമെഴുതുക. (1 x 6 = 6)**

10. 'ഓരോ വിളിയും കാത്ത്' ദാമ്പത്യജീവിതത്തിലെ ശക്തമായ ഹൃദയബന്ധമാണ് അമ്മ എന്ന കഥയെ ഭാവതീവ്രമാകുന്നത്. കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് അമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിലയിരുത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

PTO